# STD - II

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത്  ഈശോയുടെ ഉപമകൾ  ഭാഗം - ഒന്ന്

### ലക്ഷ്യം

ഉപമകളിലൂടെ ഈശോ ജനങ്ങളെ ദൈവസ്നേഹവും പരസ്നേഹവും എന്താണെന്നു പഠിപ്പിച്ചു. സാധാരണക്കാരായ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സി ലാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് ഈശോ ഉപമകൾ പറഞ്ഞത്.

ഞങ്ങളുടെ കടമകൾ ഉത്തരവാദിത്വത്തോടും വിവേകത്തോടും കൂടെ ചെയ്തു ദൈവ പ്രീതിക്കനുസൃതമായി ജീവിക്കും.

### പഠനസഹായികൾ

* വചനം: മത്താ. 25:1-13 (പത്തു കന്യകമാരുടെ ഉപമ), ലൂക്കാ. 15:11-32 (ധൂർത്ത പുത്രന്റെ ഉപമ), ലൂക്ക. 16:19-31 (ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമ)
* പത്തു കന്യകമാരുടെ ഉപമ സ്കിറ്റ് അവതരണം.
* യു-ട്യൂബ് വിഡീയോ - പത്തു കന്യകമാരുടെ ഉപമ

### പാഠത്തിന്റെ ഉള്ളടക്കം

* ഈ ലോക ജീവിതത്തിൽ വിവേകത്തോടെ കടമകൾ ചെയ്തു ജീവിക്കുവാൻ, പത്തു കന്യകമാരുടെ ഉപമയിലൂടെ യേശു നമ്മെ പഠിപ്പിച്ചു.
* എപ്പോഴും ഒതുങ്ങി ജീവിക്കണം
* സാധാരണക്കാരായ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കി ക്കൊടുക്കുന്നതിനുവേണ്ടിയാണ് ഈശോ ഉപമകൾ പറഞ്ഞത്.
* ഈശോ പറഞ്ഞ ചില ഉപമകൾ:

  (1) നല്ല സമരിയാക്കാരന്റെ ഉപമ (2) ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമ (3) ധൂർത്തപുത്രന്റെ ഉപമ (4) പത്തു താലന്തുകളുടെ ഉപമ

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, വിവേകമതികളായ കന്യകമാരെപ്പോലെ ഞങ്ങളുടെ കട മകൾ ഉത്തരവാദിത്വത്തോടും വിവേകത്തോടും കൂടെ ചെയ്യാൻ വേണ്ട കൃപാവരം നൽകി അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ഈശോ ദൈവസ്നേഹവും പരസ്നേഹവും എന്തിലൂടെ പഠിപ്പിച്ചു?
2. വിവേകമതികളായ കന്യകമാർ വിളക്കിനൊപ്പം എന്തു കരുതിയിരുന്നു?
3. പത്തു കന്യകമാർ ആരെയാണ് കാത്തിരുന്നത്?
4. ആരെ പഠിപ്പിക്കാനാണ് ഈശോ ഉപമകൾ പറഞ്ഞത്?
5. നമ്മുടെ കടമകൾ ഉത്തരവാദിത്വത്തോടും വിവേകത്തോടുംകൂടെ ചെയ്യണമെന്ന് ഓർമ്മപ്പെടുത്താൻ ഈശോ പറഞ്ഞ ഉപമ ഏത്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത് ഈശോയുടെ ഉപമകൾ ഭാഗം - രണ്ട്

### ലക്ഷ്യം

ഉപമകളിലൂടെയാണ് ഈശോ പഠിപ്പിച്ചത്. നമ്മുടെ സഹോദരങ്ങൾക്ക് നന്മ ചെയ്യുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുന്നു. ഞങ്ങൾ അയൽക്കാരെ സ്നേഹിക്കുകയും, സങ്കടപ്പെടുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം - ലൂക്ക. 10:25-37 (നല്ല സമരിയക്കാരന്റെ ഉപമ), ലൂക്ക. 6:27-28 (ശത്രുക്കളെ സ്നേഹിക്കുവിൻ)
* സ്കിറ്റ് അവതരണം - നല്ല സമരിയക്കാരന്റെ ഉപമ
* യു-ട്യൂബ് വീഡിയോ - നല്ല സമരിയക്കാരന്റെ ഉപമ

### പാഠത്തിന്റെ ഉള്ളടക്കം

* നല്ല സമരിയക്കാരന്റെ ഉപമ - ലൂക്ക. 10:25-37
* നമ്മുടെ സഹോദരങ്ങൾക്ക് നന്മ ചെയ്യുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുന്നു.
* നല്ല സമരിയക്കാരനെപ്പോലെ നമുക്കും അയൽക്കാരെ സ്നേഹിക്കാം, സങ്കടപ്പെടുന്നവരെ ആശ്വസിപ്പിക്കാം.
* മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിച്ച് കരുണയുള്ളവരാകാം.
* രോഗികളെയും, അനാഥരെയും ചേർത്തുപിടിക്കാം.
* നമുക്കു പാടാം - യേശുവിന്റെ ഉപമകൾ, എത്ര നല്ല ഉപമകൾ
* ശത്രുക്കളെ സ്നേഹിക്കാം. ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യാം.
* ആരോടും ദേഷ്യപ്പെടാതെ, എല്ലാവരേയും സ്നേഹിക്കാം, സഹായിക്കാം.

### പ്രാർത്ഥന

സ്നേഹപിതാവായ കാരുണ്യനാഥ, ദുഃഖിതരോടും, രോഗികളോടും, അനാഥരോടും കരുണ തോന്നി, അവരോടു നല്ല അയൽക്കാരായി വർത്തിക്കുവാൻ വേണ്ട കൃപ നൽകണമേ. ആമേൻ.

## ചോദ്യങ്ങൾ

1. നമ്മുടെ സഹോദരങ്ങൾക്ക് നന്മ ചെയ്യുമ്പോൾ നാം ആരെയാണ് സ്നേഹിക്കുന്നത്?
2. നല്ല സമരിയക്കാരന്റെ ഉപമയിൽ, കള്ളന്മാർ അടിച്ചും ഇടിച്ചും അവശനാക്കിയ യാത്രക്കാരൻ കിടന്നിരുന്ന വഴിയിലൂടെ ആരെല്ലാമാണ് കടന്നുപോയത്?
3. വഴിയിലൂടെ വന്ന മൂന്നുപേരിൽ ആരാണ് യാത്രക്കാരനോട് കരുണ കാണിച്ചത്?
4. ഈ മൂന്നുപേരിൽ ആരാണ് നല്ല അയൽക്കാരനായി പ്രവർത്തിച്ചത്?
5. നിയമപണ്ഡിതനോട് യേശു എന്തു ചെയ്യാനാണ് പറഞ്ഞത്?